**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6886** **21-03-2023 - ൽ മറുപടിയ്ക്ക്**

**ബുദ്ധസ്മാരകം സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ (തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് സമീപമുള്ള ബുദ്ധസ്മാരകം സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | ആലപ്പുഴ ജില്ലയിലെ മാവേലിക്കര അസംബ്ലി മണ്ഡലത്തിൽപ്പെടുന്നതും ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തോട് ചേർന്നിട്ടുള്ളതുമായ ബുദ്ധസ്മാരകം 02.12.1966-ലെ നം.46906/K4/66/Edn. നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരം പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. സ്മാരകവും സമീപ പ്രദേശവും ശുചിയായി സൂക്ഷിക്കുന്നതിനും ഇവിടെ ലൈറ്റിംഗ് സംവിധാനം ഉറപ്പുവരുത്തുന്നതിനും കായംകുളം കൃഷ്ണപുരം കൊട്ടാരം ചാർജ്ജ് ഓഫീസർ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ